# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 214 01.04..2013 -ൽ മറുപടിയ്ക്ക്

## കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ.ശിവദാസൻ നായർ**
**ശ്രീ. റ്റി.എൻ.പ്രതാപൻ**

**ശ്രീ.ഷിബു ബേബി ജോൺ**
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോമൺ ആപ്ലിക്കേഷൻ സിസ്റ്റം ഫോർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. എംപ്ലോയ്മെന്റ് വകുപ്പിലെ സേവനങ്ങൾ ജനങ്ങൾക്ക് വെബ് എനേബിൾഡായ സോഫ്ട്വെയറിലൂടെ ലഭ്യമാക്കുകയാണ് ഉദ്ദേശ്യം. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | എപ്പോഴും എവിടെ നിന്നും അക്സസ് ചെയ്യാൻ കഴിയുന്നതും ഓൺലൈൻ സേവനങ്ങൾ കൂടി സാദ്ധ്യമാകുന്ന വെബ് ബേസ്ഡ് സോഫ്റ്റ്‌വെയർ മുഖേന കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ സേവനം നൽകുക എന്നതാണ് ഉദ്ദേശ്യ ലക്ഷ്യം. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഇതുവഴി ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) | ടി സോഫ്ട്വെയർ വഴി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | കേരള സ്റ്റേറ്റ് ഐ.ടി മിഷൻ മുഖേനയാണ് മേൽ പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

(1) ഓൺലൈൻ രജിസ്ട്രേഷൻ
(2) ഓൺലൈൻ റിന്യൂവൽ
(3) ഓൺലൈൻ സർട്ടിഫിക്കറ്റ് ചേർക്കൽ
(4) മൊബൈൽനമ്പർ/ഫോൺ നമ്പർ/ ഇ.മെയിൽ എന്നിവയുടെ വിവരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ രജിസ്ട്രേഷൻ റിക്കാർഡിൽ ചേർക്കുക.
(5) രജിസ്ട്രേഷൻ റിക്കാർഡുകൾ ഓൺലൈനിൽ നേരിട്ട് കണ്ട് പരിശോധിക്കുവാനും അപാകതകളോ തെറ്റുകളോ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് ഓഫീസറെ ബന്ധപ്പെടുവാനും കഴിയുക.
(6) രജിസ്ട്രേഷൻ റിക്കാർഡിന്റെ പ്രിന്റൗട്ട് എടുക്കുക.
(7) രജിസ്ട്രേഷൻ ഐഡന്റിറ്റി കാർഡിന്റെ പ്രിന്റൗട്ട് എടുക്കുക.
(8) നോട്ടിഫൈ ചെയ്ത വേക്കൻസികൾ കാണുവാൻ സാധ്യമാക്കുക.
(9) ഉദ്യോഗദായകർക്ക് ഓൺലൈനിൽ വേക്കൻസി നോട്ടിഫൈ ചെയ്യുവാൻ കഴിയുക.
(10) ഉദ്യോഗദായകർക്ക് ഓൺലൈനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുക.
(11) അറിയിക്കപ്പെട്ട ഒഴിവുകളിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗാർത്ഥികളുടെ വിവരം ഏവർക്കും കാണുവാൻ കഴിയുക.
(12) എംപ്ലോയ്മെന്റ് മാർക്കറ്റ് ഇൻഫർമേഷൻ , വൊക്കേഷണൽ ഗൈഡൻസ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഓൺലൈൻ റിപ്പോർട്ടുകൾ നൽകുവാനും കൺസോളിഡേറ്റ് ചെയ്യുവാനും സാധ്യമാക്കുക.